**കേരള സർക്കാർ**

നമ്പർ.49746/ഡി.ഡി.1/2012/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം, തീയതി: 17/10/2012

**<u>സർക്കുലർ</u>**

വിഷയം:- തസ്വഭവ:- ഇന്ദിരാ ആവാസ് യോജന - 2012-13- ലെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. സ.ഉ.(കൈ)നമ്പർ.68/2012/തസ്വഭവ: തീയതി, 16/03/2012.
2. സർക്കുലർ നമ്പർ.60034/ഡി.ഡി.1/2011/ തസ്വഭവ: തീയതി, 10.11.2011.
3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും ലഭിച്ച 23.04.12- ലെ ജി-2011/01/2012/ആർ. എച്ച് (Mon) നമ്പർ കത്ത്.
4. ഗ്രാമവികസന കമ്മീഷണറുടെ 08.08.2012-ലെ 15340/ ജെ.ആർ.വൈ.1/12/സി.ആർ.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരുടെയും ഭൂരഹിത-ഭവന രഹിതരുടെയും ഒരു സമാഹൃത ലിസ്റ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലവിലുണ്ട്. ഈ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുവാനും അർഹരായവർ ഉൾപ്പെട്ടി ട്ടില്ലെങ്കിൽ കൂട്ടിച്ചേർക്കുവാനും ഗ്രാമസഭ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്.

2. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഇന്ദിരാ ആവാസ് യോജനയുടെ (ഐ.എ.വൈ.) ഭൗതികലക്ഷ്യമായി 59620 വീട്ടുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഭൗതിക ലക്ഷ്യത്തിന്റെ കുറഞ്ഞത് 60 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീക്കി വയ്ക്കണം. 15 ശതമാനം മതന്യൂനപക്ഷങ്ങൾക്കും 3 ശതമാനം വികലാംഗർക്കും നീക്കി വയ്ക്കണം. ഈ നിബന്ധന പുതിയ വീടുകൾക്ക് എന്ന പോലെ ആവാസയോഗ്യമല്ലാത്ത വീടുകളുടെ പരിഷ്കരണ കാര്യത്തിലും, ക്രെഡിറ്റ് കം സബ്സിഡി പദ്ധതിയിലും പാലിക്കേണ്ടതാണ്.

3. ഇന്ദിരാ ആവാസ് യോജന പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം, പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 2.5 ലക്ഷം രൂപയും എന്ന വർദ്ധിപ്പിച്ച നിരക്കിലാണ് നൽകേണ്ടത്. 15.09.2011 മുതൽ വർദ്ധിപ്പിച്ച നിരക്കിന് പ്രാബല്യം നൽകി. 2012-13-ലെ ഗഡുക്കൾ നൽകുമ്പോൾ ഒരു വീടിന് 75,000/- രൂപ വീതം സംസ്ഥാന സർക്കാർ അധികസഹായമായി

അനുവദിച്ച് സ.ഉ.(സാധാ). നമ്പർ. 2627/2012/തസ്വഭവ പ്രകാരം 18.09.2012- ൽ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച ശേഷവും ബാക്കി നൽകേണ്ട അധികസഹായം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. ആയതിനാൽ അധിക സാമ്പത്തിക സഹായം / അധിക ബാധ്യത സംബന്ധിച്ച കണക്കുകൾ ബ്ലോക്കു പഞ്ചായത്തുകൾ തയ്യാറാക്കി, ഗ്രാമപഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും, യഥാസമയം അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തുകൾ നിലവിലുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് തയ്യാറാക്കി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്റ്റ് ഡയറക്ടറെ അറിയിക്കേണ്ടതാണ്. ജില്ലയുടെ ഭൗതിക ലക്ഷ്യത്തെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന പട്ടികജാതി/പട്ടിക വർഗക്കാരെ പൂർണ്ണമായി ആദ്യം ഉൾപ്പെടുത്തേണ്ടതും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഭൗതിക ലക്ഷ്യം നിശ്ചയിച്ചു കഴിഞ്ഞാൽ ജില്ലയിലെ മൊത്തം ഭൗതിക ലക്ഷ്യത്തിൽ അവശേഷിക്കുന്ന സംഖ്യ ജില്ലയിലെ പൊതുവിഭാഗത്തിലെ ഭൗതിക ലക്ഷ്യമായി നിശ്ചയിക്കുകയും ഓരോ ഗ്രാമപഞ്ചായത്തിലേയും അവശേഷിക്കുന്ന പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ആനുപാതികമായി അതാത് ഗ്രാമപഞ്ചായത്തുകളുടെ ഭൗതികലക്ഷ്യം നിശ്ചയിക്കേണ്ടതുമാണ്. ജില്ലയുടെ ആകെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുമ്പോൾ 15 ശതമാനം മതന്യൂനപക്ഷങ്ങൾക്കും 3 ശതമാനം വികലാംഗർക്കും നീക്കി വച്ചിട്ടുണ്ടെന്ന് പ്രോജക്റ്റ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഇത് പുതിയ വീടുകൾക്ക് എന്ന പോലെ ആവാസയോഗ്യമല്ലാത്ത വീടുകളുടെ പരിഷ്കരണ കാര്യത്തിലും, ക്രെഡിറ്റ് കം സബ്സിഡി പദ്ധതിയിലും പാലിക്കേണ്ടതാണ്.

5. പ്രോജക്റ്റ് ഡയറക്ടർമാർ ഭൗതികലക്ഷ്യം നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഐ.എ.വൈ പദ്ധതിയിൽ പെടുത്തുന്ന ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ നിശ്ചയിച്ച് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

6. ഐ.എ.വൈ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ റേഷൻകാർഡ് നിർബന്ധമാക്കേണ്ടതില്ല. ഇങ്ങനെയുള്ള കുടുംബങ്ങളുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചാൽ മതിയാകും.

ടി. ജെ. മാത്യു,
സെക്രട്ടറി.

1 . ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
4. എല്ലാ ജില്ലാ കളക്ടർമാർ/ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
5. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)

7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര.
9. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
10. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടർമാർക്കും.
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
    (പഞ്ചായത്ത് ഡയറക്ടർ മുഖേന)
13. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും.
    (ഗ്രാമവികസന കമ്മീഷണർ മുഖേന)
14. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , തിരുവനന്തപുരം.
15. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
16. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
17. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
18. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്മാരുടെ ചേമ്പർ.
19. പ്രിൻസിപൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
20. അക്കൗണ്ടന്റ് ജനറൽ(എ. & ഇ.)
21. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
4. തദ്ദേശസ്വയംഭരണ ഡി.എ./ഡി.ബി./ഡി.സി./എഫ്.എം. സെക്ഷനുകൾക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.